"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനിയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഇ19/781/2014/സിഇ/തസ്വഭവ

തീയതി : .03.2014

# സർക്കുലർ

സർ,

വിഷയം:- തസ്വഭവ - എൻജിനീയറിംഗ് വിഭാഗം - അസിസ്റ്റന്റ് എഞ്ചിനീയർ-മാരുടെ നിയമനങ്ങൾ ക്രമീകരിക്കുന്നതിനുള്ള വെരിഫിക്കേഷൻ നിർദ്ദേശങ്ങൾ - സേവനവിവരങ്ങൾ - അടിയന്തിരമായി ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- തസ്വഭവ - 12.03.2014 - ലെ ഇതേ നമ്പർ സർക്കുലർ.

സൂചനാ സർക്കുലറിൽ രണ്ട് പ്രൊഫോർമകളിൽ ഒന്നിൽ വ്യക്തിഗത വിവരങ്ങളും മറ്റൊന്നിൽ സർവ്വീസ് സംബന്ധമായ വിവരങ്ങളും സാക്ഷ്യപ്പെടുത്തി അയച്ചുതരാൻ ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച വ്യക്തത താഴെപറയുംവിധം കൊടുക്കുന്നു.

## പ്രൊഫോർമ - (എ)

പി.എസ്.സി വഴി നിയമിതരായ ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു കോപ്പി ബന്ധപ്പെട്ട നിയന്ത്രണ അധികാരി സാക്ഷ്യപ്പെടുത്തി അയച്ചുതരേണ്ടതാണ്.

## പ്രൊഫോർമ - (ബി)

പി.എസ്.സി വഴി നിയമിതരായ ഉദ്യോഗസ്ഥരുടെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തി ഫോട്ടോ പതിപ്പിച്ച രണ്ട് കോപ്പികളിൽ ഒന്നിൽ ബന്ധപ്പെട്ട നിയന്ത്രണാധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. രണ്ടാമത്തെ കോപ്പിയിൽ വിവരങ്ങൾ എല്ലാം രേഖപ്പെടുത്തി ഫോട്ടോ പതിപ്പിച്ച് അയച്ചുതരേണ്ടതാണ്. ഈ കോപ്പിയിൽ ആരുംതന്നെ ഒപ്പിടേണ്ടതോ സീൽ പതിപ്പിക്കേണ്ടതോ ആയ ആവശ്യം ഇല്ല.

നിയന്ത്രണാധികാരി എന്നുദ്ദേശിക്കുന്നതിന്റെ വിവരണം സൂചനാ കത്തിലെ രണ്ടാം ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽ പറഞ്ഞിട്ടുള്ള രേഖകൾ സമർപ്പിക്കുന്നതിന്റെ അവസാന തീയതി **ഏപ്രിൽ 24 വരെ** നീട്ടിയിരിക്കുന്നു.

ചീഫ് എൻജിനീയർ
(പൂർണ്ണഅധിക ചുമതല)